# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# ഉഴവൂർ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

## 2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001

ഇ-മെയിൽ: doktm.ksad@kerala.gov.in

ഫോൺ : 0481-2564886

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെ.എസ്.എ.കെ.ടി.എം.പി.4/ 1381/21

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001
തീയ്യതി: 22/11/2021
ഇ-മെയിൽ: doktm.ksad@kerala.gov.in
ഫോൺ: 0481-2564886

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ഉഴവൂർ ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : ഉഴവൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഉഴവൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.കെ.ടി.എം.പി.4/ 1381/21 തീയ്യതി: 22/11/2021

## കോട്ടയം ജില്ലയിലെ ഉഴവൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13** , **1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ ഉഴവൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2020 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 18 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 17 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 25-10-2021 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തു ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.എം.എൻ.രാധാകൃഷ്ണൻ | ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.) | 11-10-2021 | 25-10-2021 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 11-10-2021 | 25-10-2021 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

സജി പി ആർ, ഓഡിറ്റ് ഓഫീസർ
അമ്പിളി യു, സീനിയർ ഗ്രേഡ് ഓഡിറ്റർ

യോഗേഷ ആർ, സ്വീനിയർ ഗ്രേഡ് ഓഡിറ്റർ
കൃഷ്ണപ്രിയ എസ്, ഓഡിറ്റർ
ബീനാകുമാരി റ്റി വി, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. ഷേർളി രാജു | പ്രസിഡന്റ് | 01-04-2020 | 11-11-2020 |
| ശ്രീ. ജോണിസ് പി സ്റ്റീഫൻ | പ്രസിഡന്റ് | 21-12-2020 | 31-03-2021 |
| ശ്രീ. പ്രസാദ് കെ ആർ | സെക്രട്ടറി | 01-04-2020 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ഡോ. ശ്രീനാഥ് ഡി എസ് | വെറ്റിനറി സർജൻ | 01-04-2020 | 31-03-2021 |
| ഡോ. ജെസ്സി ജോയി സെബാസ്റ്റ്യൻ | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.) | 01-04-2020 | 31-03-2021 |
| ഡോ. സിന്ധു കുര്യാക്കോസ് | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2020 | 25-02-2021 |
| ഡോ. സജേഷ് മാത്യു | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 26-02-2021 | 31-03-2021 |
| ഡോ. ശാലിനി ശിവദാസ് | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2020 | 31-03-2021 |
| ശ്രീമതി. സൂസി വർഗ്ഗീസ് | ഹെഡ്മിസ്ട്രസ് | 01-04-2020 | 31-03-2021 |
| ശ്രീമതി. ശ്രീലക്ഷ്മി യു എം | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2020 | 09-02-2021 |
| ശ്രീ. സനീഷ് കെ ബി | അസിസ്റ്റന്റ് എഞ്ചിനീയർ | 10-02-2021 | 31-03-2021 |
| ശ്രീമതി. അഞ്ജന | ഐ സി ഡി എസ് | 01-04-2020 | 31-03-2021 |

| | | | |
|---|---|---|---|
| ആർ നായർ | സൂപ്പർവൈസർ | | |
| ശ്രീ. ഗോപകുമാർ എ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീമതി. ലിഷ പി ജോസ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീ. അനീഷ് ലത്തീഫ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2020 | 19-09-2020 |
| ശ്രീ. കപിൽ കെ എ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 20-09-2020 | 31-03-2021 |
| ശ്രീ. അനിൽകുമാർ ടി എസ് | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2020 | 31-03-2021 |
| ശ്രീമതി. പ്രേമോൾ ദാസ് | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 01-04-2020 | 31-03-2021 |
| ശ്രീ. ഹാരിസ് എം | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |

12.11.2020 മുതൽ 20.12.2020 വരെ അഡ്മിനിസ്ട്രേറ്റീവ് ഭരണത്തിലായിരുന്നു.

## ഉള്ളടക്കം

| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Beenakumari T V (Auditor, On 21-10-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 16-11-2021) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക<br>Written By: Krishnapriya.S (Auditor, On 13-10-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 22-11-2021) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: Krishnapriya.S (Auditor, On 12-10-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 16-11-2021) | 1-3 |
| 4 | ഫണ്ട് വിനിയോഗം<br>Written By: Saji P R (Audit Officer, On 19-10-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 16-11-2021) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: Yogesh R (Senior Grade Auditor, On 25-10-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 16-11-2021) | 1-5 |
| 6 | മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി<br>Written By: Saji P R (Audit Officer, On 19-10-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 16-11-2021) | 1-6 |
| 7 | ക്ഷേമ പദ്ധതികൾ<br>Written By: Saji P R (Audit Officer, On 26-10-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 16-11-2021) | 1-7 |
| 8 | ക്യാഷ് വെരിഫിക്കേഷൻ<br>Written By: Beenakumari T V (Auditor, On 21-10-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 16-11-2021) | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണ സംവിധാനം<br>Written By: Saji P R (Audit Officer, On 25-10-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 16-11-2021) | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Krishnapriya.S (Auditor, On 12-10-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 16-11-2021) | 1-10 |
| 11 | രസീത് ബുക്ക് കൈകാര്യം ചെയ്യുന്നതിൽ കാണപ്പെട്ട അപാകതകൾ<br>Written By: Beenakumari T V (Auditor, On 24-10-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 16-11-2021) | 1-11 |
| 12 | മൊബൈൽ ടവറുകളുടെ വസ്തു നികുതി കുടിശ്ശിക നിലനിൽക്കുന്നു<br>Written By: Krishnapriya.S (Auditor, On 20-10-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 16-11-2021) | 1-12 |
| 13 | ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല<br>Written By: Beenakumari T V (Auditor, On 21-10-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 16-11-2021) | 1-13 |
| 14 | ലൈസൻസ് ഫീസിനോടൊപ്പം യന്ത്രത്തിന്റെ കുതിരശക്തിയ്ക്ക് ആനുപാതികമായ ഫീസ് ഈടാക്കുന്നില്ല<br>Written By: Beenakumari T V (Auditor, On 23-10-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 16-11-2021) | 1-14 |
| 15 | ലൈസൻസില്ലാതെ പഞ്ചായത്ത് പരിധിയിൽ വ്യാപാര സ്ഥാപനങ്ങൾ പ്രവർത്തിയ്ക്കുന്നു<br>Written By: Beenakumari T V (Auditor, On 24-10-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 16-11-2021) | 1-15 |
| 16 | വാടക കുടിശിക ഈടാക്കിയിട്ടില്ല.<br>Written By: Ambili.U (Senior Grade Auditor, On 24-10-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 16-11-2021) | 1-16 |

| | | |
|---|---|---|
| 17 | മാർക്കറ്റ് ലേലം -ലേലതുക പൂർണ്ണമായും അടവാക്കിയിട്ടില്ല.<br>Written By: Ambili.U (Senior Grade Auditor, On 24-10-2021)<br>Last Updated By: M.N.Radhakrishnan (Deputy Director, On 22-11-2021) | 1-17 |
| 18 | പെൻഷണറുടെ മരണശേഷവും സാമൂഹ്യ സുരക്ഷ പെൻഷൻ അനുവദിച്ചു<br>Written By: Beenakumari T V (Auditor, On 24-10-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 22-11-2021) | 1-18 |
| 19 | റോഡ് ടാറിംഗ്/ റീടാറിംഗ് പ്രവൃത്തികളുടെ ബില്ലിൽ നിന്നും കുറവ് ചെയ്ത കാലിവീപ്പകളുടെ വില തനത് ഫണ്ടിൽ സൂക്ഷിച്ചിരിക്കുന്നത് സർക്കാരിലേക്ക് ഒടുക്കേണ്ടതാണ്.<br>Written By: Saji P R (Audit Officer, On 25-10-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 16-11-2021) | 1-19 |
| 20 | ജി.എസ്.റ്റി ഒടുക്ക് വിവരം ലഭ്യമല്ല.<br>Written By: Saji P R (Audit Officer, On 25-10-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 16-11-2021) | 1-20 |
| 21 | തനത് ഫണ്ടിൽ സൂക്ഷിച്ചിരുന്ന സർക്കാർ ഫണ്ട് ഓഡിറ്റിൽ ചൂണ്ടിക്കാണിച്ചതിന്റെ അടിസ്ഥാനത്തിൽ സർക്കാരിലേയ്ക്ക് ഒടുക്കി.<br>Written By: Saji P R (Audit Officer, On 25-10-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 16-11-2021) | 1-21 |
| 22 | വനിതകൾക്ക് കുരുമുളക് കൃഷി - രേഖകൾ ലഭ്യമല്ല<br>Written By: Krishnapriya.S (Auditor, On 25-10-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 16-11-2021) | 1-22 |
| 23 | വിള വ്യാപനം ധനസഹായം - രേഖകൾ ലഭ്യമല്ല<br>Written By: Krishnapriya.S (Auditor, On 25-10-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 16-11-2021) | 1-23 |
| 24 | വിള വ്യാപനം വനിതകൾക്ക് ധനസഹായം - രേഖകൾ ലഭ്യമല്ല<br>Written By: Krishnapriya.S (Auditor, On 25-10-2021)<br>Last Updated By: M.N.Radhakrishnan (Deputy Director, On 22-11-2021) | 1-24 |
| 25 | എ) ബി സി പ്രോഗ്രാം - വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല<br>Written By: Krishnapriya.S (Auditor, On 25-10-2021)<br>Last Updated By: M.N.Radhakrishnan (Deputy Director, On 22-11-2021) | 1-25 |
| 26 | ഹോമിയോ ആശുപത്രികൾക്ക് മരുന്നുകൾ ലഭ്യമായിട്ടില്ല<br>Written By: Krishnapriya.S (Auditor, On 20-10-2021)<br>Last Updated By: M.N.Radhakrishnan (Deputy Director, On 22-11-2021) | 1-26 |
| 27 | ആശുപത്രി ഉപകരണങ്ങൾ ലഭ്യമായിട്ടില്ല.<br>Written By: Ambili.U (Senior Grade Auditor, On 24-10-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 16-11-2021) | 1-27 |
| 28 | അങ്കണവാടികളുടെ ഭൗതികസാഹചര്യം മെച്ചമല്ല- തുടർപ്രോജക്ടുകൾ ആവശ്യം<br>Written By: Ambili.U (Senior Grade Auditor, On 24-10-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 16-11-2021) | 1-28 |
| 29 | നിക്ഷേപ പ്രവൃത്തികളുടെ വിനിയോഗസാക്ഷ്യപത്രം/ പൂർത്തീകരണ വിവരം ലഭിച്ചിട്ടില്ല.<br>Written By: Saji P R (Audit Officer, On 25-10-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 16-11-2021) | 1-29 |
| 30 | കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ- അവലോകനം<br>Written By: Yogesh R (Senior Grade Auditor, On 25-10-2021)<br>Last Updated By: M.N.Radhakrishnan (Deputy Director, On 22-11-2021) | 1-30 |
| | **ഭാഗം 2** | |

--- No Records Found ---

## ഭാഗം 3

--- No Records Found ---

## ഭാഗം 4

| | | |
|---|---|---|
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയ വിവരം<br>Written By: Krishnapriya.S (Auditor, On 13-10-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 16-11-2021) | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Krishnapriya.S (Auditor, On 13-10-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 16-11-2021) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Krishnapriya.S (Auditor, On 22-10-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 16-11-2021) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ്<br>Written By: Krishnapriya.S (Auditor, On 11-10-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 16-11-2021) | 4-4 |
| 5 | വായ്പ/വായ്പാതിരിച്ചടവ്<br>Written By: Krishnapriya.S (Auditor, On 12-10-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 16-11-2021) | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ<br>Written By: Krishnapriya.S (Auditor, On 11-10-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 16-11-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Krishnapriya.S (Auditor, On 11-10-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 16-11-2021) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം<br>Written By: Krishnapriya.S (Auditor, On 12-10-2021)<br>Last Updated By: M.N.Radhakrishnan (Deputy Director, On 22-11-2021) | 4-8 |
| 9 | ചാർജ്/സർചാർജ് നടപടികളിലൂടെ തുക ഈടാക്കിയതിന്റെ വിവരം<br>Written By: Krishnapriya.S (Auditor, On 13-10-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 16-11-2021) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Krishnapriya.S (Auditor, On 12-10-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 22-11-2021) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Krishnapriya.S (Auditor, On 13-10-2021)<br>Last Updated By: M.N.Radhakrishnan (Deputy Director, On 22-11-2021) | 4-11 |

## അനുബന്ധം

| | |
|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം |

## ഭാഗം -1

### 1-1 ബജറ്റ്

2020-21 വർഷത്തെ ബജറ്റ് 23.03.2020 ലെ 1(1) നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. 19.02.2021 ലെ 1(1) നമ്പർ തീരുമാന പ്രകാരം ബജറ്റ് പുതുക്കിയിട്ടുണ്ട്.

| ഇനം | പ്രതീക്ഷിച്ചത് | യഥാർത്ഥത്തിലുള്ളത് |
|---|---|---|
| മുന്നിരിപ്പ് | 4906151 | 15556718 |
| വരവ് | 143175508 | 65942256 |
| ആകെ | 148081659 | 81498974 |
| ചെലവ് | 142930200 | 61431624 |
| നീക്കിയിരിപ്പ് | 5151459 | 20067350 |

### 1-2 വാർഷിക ധനകാര്യപത്രിക

ഗ്രാമപഞ്ചായത്ത് കമ്മറ്റിയുടെ 12.05.2021-ലെ III(1)-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ച് ഓഡിറ്റിന് സമർപ്പിച്ച 2020-21 ലെ വാർഷിക ധനകാര്യപത്രികയുടെ ഭാഗമായ റസീറ്റ്സ് ആന്റ് പേയ്മെന്റ് പത്രിക പ്രകാരമുള്ള വർഷാരംഭ മുന്നിരിപ്പ് 15556718.00 രൂപയും തൻവർഷ വരവ് 65942256.00 രൂപയും തൻവർഷചെലവ് 61431624.00 രൂപയും വർഷാവസാന നീക്കിയിരിപ്പ് 20067350.00 രൂപയും ആകുന്നു. തൻവർഷത്തെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ആകെ വരുമാനം 101002877.00 രൂപയും ആകെ ചെലവ് 101858179.00 രൂപയും ആകുന്നു. മേൽ വിവരിച്ച ധനകാര്യപത്രിക പരിശോധിച്ചതിൽ നിലനിൽക്കുന്ന അപാകതകൾ ചുവടെ ചേർക്കുന്നു.

1. 26.07.2011ലെ ജി.ഒ.(എം.എസ്.)152/11 എൽ.എസ്.ജി.ഡി. ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിച്ച് ആസ്തികൾ അക്കൗണ്ടിംഗ് നടത്തിയിട്ടില്ല.

2. ഗ്രാമപഞ്ചായത്തിന്റെ ആസ്തി ബാദ്ധ്യതകളുടെ വർഗ്ഗീകരണവും മൂല്യനിർണ്ണയവും നടത്തുന്ന നടപടിക്രമങ്ങൾ പൂർത്തിയായിട്ടില്ലാത്തതിനാൽ വാർഷിക ധനകാര്യപത്രിക പ്രകാരം കണക്കാക്കിയ 31.03.20ലെ ജനറൽ ഫണ്ട് കൃത്യമല്ല.

3. വസ്തു നികുതിയുടെ വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകൾ സഞ്ചയ സോഫ്റ്റ്വെയറിലെ ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകളുമായി പൊരുത്തപ്പെടുന്നില്ല.

4. ഇടപാടുകളില്ലാത്ത WGDP, OAP അക്കൗണ്ടുകൾ ക്ലോസ് ചെയ്തിട്ടില്ല.

5. തൻവർഷ കുടിശ്ശിക തുകകൾക്ക് ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

6. B 18 ഷെഡ്യൂളിലെ 460500499 – Advance To Other Accredited Agencies എന്ന ഹെഡിലെ തുകയുടെ കൃത്യത അഡ്വാൻസ് രജിസ്റ്ററിലെ രേഖപ്പെടുത്തലിന്റെ അഭാവത്തിൽ പരിശോധിക്കാൻ സാധിച്ചിട്ടില്ല.

7. B 7 ഷെഡ്യൂളിലെ 340200101 – Rent Deposit, 340200102 – Auction Deposit എന്നീ ഹെഡുകളിലെ തുകയുടെ കൃത്യത രജിസ്റ്ററിലെ രേഖപ്പെടുത്തലിന്റെ അഭാവത്തിൽ പരിശോധിക്കാൻ സാധിച്ചിട്ടില്ല.

8. സംയുക്ത പ്രോജക്ടുകൾക്ക് വേണ്ടി ലഭിച്ചിട്ടുള്ള ഗ്രാന്റുകൾ സൂക്ഷിക്കുന്നതിന് സ്പെഷ്യൽ ടി എസ് ബി അക്കൗണ്ട് ആരംഭിച്ചിട്ടില്ല. ഇവ പഞ്ചായത്തിന്റെ തനതു ഫണ്ടിലാണ് സൂക്ഷിച്ചിരിക്കുന്നത്.

9. RP-10 ഷെഡ്യൂളിൽ 180800104 – Receipts From Libraries എന്ന ഹെഡിലുള്ള 318 രൂപയുടെ വരവിന്റെ കൃത്യത രേഖകളുടെ അഭാവത്തിൽ പരിശോധിക്കാൻ സാധിച്ചിട്ടില്ല.

10. ബി 11(എ) ഷെഡ്യൂളിലെ 412010101 – Capital Work In Progress എന്ന ഹെഡിൽ Advance To Accredited Agencies – ന് നൽകിയ തുകയിൽ തിരികെ ലഭ്യമായത് വാർഷിക കണക്കിൽ

ഉൾപ്പെട്ടിട്ടില്ല.

11. തൊഴിലില്ലായ്മ വേതനത്തിലുള്ള യഥാർത്ഥ തുക 7080 രൂപ ആണ്. എന്നാൽ I-6 ഷെഡ്യൂളിൽ 14160 രൂപയാണ് വരവായി ചേർത്തിട്ടുള്ളത്.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 15556718.00 |
| ഓഡിറ്റ് വർഷത്തെ വരവ് | 65942256.00 |
| ആകെ | 81498974.00 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 61431624.00 |
| നീക്കിയിരിപ്പ് | 20067350.00 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1859202 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | ബജറ്റ് വിഹിതം | ആകെ | ചെലവ് | സഞ്ചിതനിധിയിലേക്ക് തിരികെ ഈടാക്കിയത് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 9630000 | 9630000 | 9404367 | 225633 | 97.65 |
| വികസനഫണ്ട് എസ്.സി.പി. | 0 | 2724074 | 2724074 | 2588628 | 135446 | 95.02 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 144848 | 144848 | 124170 | 20678 | 85.72 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 20917000 | 20917000 | 20917000 | 0 | 100 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 3456681 | 3456681 | 3456681 | 0 | 100 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് ( Untied ) | 0 | 6945312 | 6945312 | 6153303 | 792009 | 88.59 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് ( Tied ) | 0 | 3760000 | 3760000 | 1525567 | 2234433 | 40.57 |
| എം. ജി. എൻ. ആർ. ഇ. ജി. എസ് | 199804 | 14005732 | 14205536 | 13968481 | 237055 | 98.33 |
| ഐ.സി.ഡി. എസ്. കേന്ദ്രവിഹിതം | 285350 | 458477 | 743827 | 610307 | 133520 | 82 |
| ശുചിത്വമിഷൻ ഗ്രാന്റ് | 424148 | 5000 | 429148 | 368853 | 60295 | 85.95 |

വികസനഫണ്ടിന്റെ പൊതുവിഭാഗം, എസ്.സി.പി, റ്റി.എസ്.പി വിഹിതങ്ങളിൽനിന്ന് യഥാക്രമം 1300435/-രൂപ, 29255/-രൂപ, 14627/-രൂപ വീതം ഉറവിടത്തിൽ നിന്നും കുറവ് ചെയ്തതിനുശേഷമാണ് ഗ്രാമപഞ്ചായത്തിന് ലഭിച്ചത്. ആയതിനാൽ ടി തുകകൾ ഉൾപ്പെടെയാണ് സുലേഖ സോഫ്റ്റ്‌വെയറിൽ ചേർത്തിട്ടുള്ളത്. എന്നാൽ സ്ഥാപനത്തിൽ ടി തുകകൾ പണമായി ലഭിക്കാതിരുന്നതിനാൽ വാർഷികകണക്കുകളുടെ ഭാഗമായ റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റിലും അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററിലും ടി തുകകൾ ഉൾപ്പെട്ടിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| പ്രോജക്ട് നം/ പേര് | ചെലവ് | ഫണ്ടിനം |
|---|---|---|
| 246/21<br>അംഗൻവാടി ജീവനക്കാരുടെ പ്രതിഫലം ഇനത്തിൽ ഈടാക്കുന്ന തുക | 277400 | വികസനഫണ്ട് പൊതുവിഭാഗം |
| 298/21<br>അംഗൻവാടി ജീവനക്കാരുടെ പ്രതിഫലം ഇനത്തിൽ ഈടാക്കുന്ന തുക | 277400 | വികസനഫണ്ട് പൊതുവിഭാഗം |
| 316/21<br>അംഗൻവാടി ജീവനക്കാരുടെ പ്രതിഫലം ഇനത്തിൽ ഈടാക്കുന്ന തുക | 277400 | വികസനഫണ്ട് പൊതുവിഭാഗം |
| 299/21<br>ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് (ജനറൽ ) | 234118 | വികസനഫണ്ട് പൊതുവിഭാഗം |
| 317/21<br>ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് (ജനറൽ ) | 234117 | വികസനഫണ്ട് പൊതുവിഭാഗം |
| ആകെ | 1300435 | |
| 301/21<br>ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ്<br>( എസ്.സി.പി. ) | 14627 | വികസനഫണ്ട് എസ്.സി.പി. |
| 320/21<br>ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ്<br>( എസ്.സി.പി.) | 14628 | വികസനഫണ്ട് എസ്.സി.പി. |
| ആകെ | 29255 | |
| 302/21<br>ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ്<br>( റ്റി.എസ്.പി.) | 7314 | വികസനഫണ്ട് റ്റി.എസ്.പി. |
| 319/21<br>ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ്<br>( റ്റി.എസ്.പി.) | 7313 | വികസനഫണ്ട് റ്റി.എസ്.പി. |
| ആകെ | 14627 | |

സംരക്ഷണഗ്രാന്റ് റോഡിതര വിഭാഗത്തിൽ നിന്നും 35319 രൂപ വോട്ടിംഗ് മെഷീന്റെ വിലയിനത്തിൽ ഉറവിടത്തിൽ നിന്നും കുറവ് ചെയ്തിരുന്നു. പിന്നീട് അത് റദ്ദ് ചെയ്യുകയും തുക പിന്നീട് അനുവദിക്കുന്നതാണ് എന്നും ഉത്തരവായിരുന്നു. എന്നാൽ 35319 രൂപ കുറച്ചാണ് തൻവർഷം ലഭിച്ചിട്ടുള്ളത്.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്റ്റുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|
| 257 | 83944946 | 201 | 49665693 | 56 | 78.21 |

2020-21 വാർഷിക പദ്ധതിക്ക് ഉത്തരവ് നം. 80898/20/DPC/DPO/KTM തീയതി 26.02.2021 പ്രകാരം അംഗീകാരം ലഭിച്ചു.

**പദ്ധതി ആസൂത്രണം**

പദ്ധതി ആസൂത്രണവുമായി ബന്ധപ്പെട്ട് വർക്കിങ് ഗ്രൂപ്പ് യോഗങ്ങൾ 17.12.19തീയതിയിലും പദ്ധതി ആസൂത്രണഗ്രാമസഭകൾ 29.01.20മുതൽ 08.02.20 വരെയുള്ള തീയതികളിലും വികസനസെമിനാർ 04.03.20 തീയതിയിലും കൂടിയിട്ടുണ്ട്. കൂടാതെ ഭിന്നശേഷി ഗ്രാമസഭ 15.01.20 വും ഊരുകൂട്ടം 07.01.20, 29.02.20 തീയതികളിലും ചേർന്നിട്ടുണ്ട്. 20.04.2020 ലെ 4(IV) നമ്പർ തീരുമാനപ്രകാരം വാർഷിക പദ്ധതികൾക്ക് ഗ്രാമപഞ്ചായത്ത് അനുമതി നൽകിയിട്ടുണ്ട്.

**വർക്കിംഗ് ഗ്രൂപ്പുകൾ**

2020-21 വർഷത്തെ പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ സമർപ്പിക്കാൻ മാത്രമാണ് തൻവർഷം വർക്കിംഗ് ഗ്രൂപ്പുകൾ യോഗം ചേർന്നിട്ടുള്ളത്. പദ്ധതികളുടെ മോണിട്ടറിംഗ് കമ്മിറ്റിയായി വർക്കിംഗ് ഗ്രൂപ്പുകൾ തൻവർഷം പ്രവർത്തിച്ചിട്ടില്ല.വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം കൂടുതൽ ശക്തമാക്കേണ്ടതാണ്.

**വിവിധ നിർവ്വഹണോദ്യോഗസ്ഥരുടെ പ്രോജക്ടുകളുടെ ചെലവു വിവരങ്ങൾ ചുവടെ ചേർക്കുന്നു.**

| നിർവ്വഹണോദ്യോഗസ്ഥൻ | ആവിഷ്കരിച്ച പ്രോജക്ടുകൾ | നടപ്പാക്കിയ പ്രോജക്ടുകൾ | വകയിരുത്തിയ തുക | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|---|---|
| കൃഷിഓഫീസർ | 7 | 4 | 1932075 | 517600 | 26.79 |
| വെറ്ററിനറിസർജൻ | 9 | 8 | 3017025 | 2300575 | 76.25 |
| മെഡിക്കൽ ഓഫീസർ(പി.എച്ച്. സി) | 3 | 1 | 720000 | 499999 | 69.44 |
| മെഡിക്കൽ ഓഫീസർഹോമിയോ | 3 | 2 | 349382 | 300000 | 85.86 |
| മെഡിക്കൽ ഓഫീസർ ആയുർവേദം | 1 | 1 | 300000 | 300000 | 100 |
| ഫിഷറീസ് സബ്ഇൻസ്പെക്ടർ | 2 | 2 | 1393200 | 111525 | 8 |
| വി.ഇ.ഒ | 17 | 15 | 15083255 | 7312076 | 48.48 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 7 | 7 | 4912700 | 3531939 | 71.89 |
| സെക്രട്ടറി | 38 | 30 | 10572150 | 6615957 | 62.58 |
| ഹെഡ് മാസ്റ്റർ | 7 | 5 | 1205064 | 969814 | 80.48 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 154 | 118 | 42242199 | 26204252 | 62 |
| ഡയറി എക്സ്റ്റൻഷൻ | 2 | 2 | 1466846 | 366846 | 25 |

| | | | | | |
|---|---|---|---|---|---|
| ഓഫീസർ | | | | | |
| അസിസ്റ്റന്റ് സെക്രട്ടറി | 7 | 6 | 751050 | 635110 | 84.56 |
| ആകെ | 257 | 201 | 83944946 | 49665693 | 59.16 |

കൃഷിഓഫീസർ, ഫിഷറീസ് സബ്ഇൻസ്പെക്ടർ, , വി.ഇ.ഒ , ഡയറി എക്സ്റ്റെൻഷൻ ഓഫീസർ എന്നിവരുടെ പദ്ധതി ചെലവ് താരതമ്യേന കുറവായിരുന്നു. തുടർ വർഷങ്ങളിൽ അപാകതകൾ ആവർത്തിക്കാതിരിക്കേണ്ടതാണ്.

**വിവിധ സ്രോതസ്സ് തിരിച്ചുള്ള വകയിരുത്തിയതും ചെലവഴിച്ചതുമായ തുകകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.**

| സ്രോതസ്സ് | വകയിരുത്തിയതുക | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|
| വികസനഫണ്ട്(ജനറൽ) | 11254017 | 9404367 | 83.56 |
| വികസനഫണ്ട്(എസ്.സി.പി) | 2728628 | 2588628 | 94.87 |
| വികസനഫണ്ട്(റ്റി.എസ്.പി) | 130313 | 124170 | 95.28 |
| ധനകാര്യ കമ്മീഷൻഗ്രാന്റ് | 10651985 | 7678870 | 72.08 |
| കേന്ദ്രാവിഷ്കൃത ഫണ്ട് | 3760959 | 1165235 | 30.98 |
| സംസ്ഥാനാവിഷ്കൃത ഫണ്ട് | 1076802 | 720875 | 66.94 |
| തനത് ഫണ്ട് | 3302139 | 714067 | 21.62 |
| ബ്ളോക്ക് വിഹിതം | 4069750 | 560195 | 13.76 |
| ജില്ലാപഞ്ചായത്ത് വിഹിതം | 4879150 | 1582230 | 32.42 |
| സംരക്ഷണഗ്രാന്റ് (റോഡ്) | 31765925 | 20917000 | 65.84 |
| സംരക്ഷണഗ്രാന്റ് (റോഡിതരം) | 4161931 | 3456681 | 83.05 |
| മറ്റുള്ളവ | 6163347 | 753375 | 12.22 |
| ആകെ | 83944946 | 49665693 | 59.16 |

കേന്ദ്ര സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ, ബ്ലോക്ക്/ജില്ലാ പഞ്ചായത്ത് വിഹിതങ്ങൾ ,മറ്റിനങ്ങൾ എന്നിവയിൽ വലിയ തുക വകയിരുത്തിയെങ്കിലും അതിനനുസരിച്ച് തുക ലഭ്യമാകുകയോ ചെലവഴിക്കുകയോ ചെയ്തില്ല. അടങ്കൽ ഉയർന്നിരുന്നതിനാൽ ചെലവ് ശതമാനം കുറവായി.

**വിവിധ ഗ്രാന്റിനങ്ങളിലായി** 3408199**രൂപ ലാപ്സായി.**

| **ഫണ്ടിനം** | **ആകെവരവ്** | **ചെലവ്** | **നീക്കിയിരിപ്പ്/ ലാപ്സായ തുക** |
|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 9630000 | 9404367 | 225633 |
| വികസന ഫണ്ട്-എസ്.സി.പി | 2724074 | 2588628 | 135446 |
| വികസന ഫണ്ട്-ടി.എസ്.പി | 144848 | 124170 | 20678 |
| മെയിന്റനൻസ് ഗ്രാന്റ് (റോഡ്) | 20917000 | 20917000 | 0 |
| മെയിന്റനൻസ് | 3456681 | 3456681 | 0 |

| | | | |
|---|---|---|---|
| ഗ്രാന്റ് (നോൺ-റോഡ് ) | | | |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 10705312 | 7678870 | 3026442 |
| ആകെ | 47577915 | 44169716 | 3408199 |

ഗ്രാമപഞ്ചായത്തിന്റ വിവിധമേഖലകളിലെ വികസനത്തിന് ഉപയോഗിക്കേണ്ട തുകകൾ ലാപ്സായി പോകുന്ന സാഹചര്യം ഒഴിവാക്കേണ്ടതാണ്. അപാകതകൾ ആവർത്തിക്കാതിരിക്കേണ്ടതണ്.

## 1-6 മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

ഗ്രാമപഞ്ചായത്തിൽ മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം 2020-21 വർഷം 2089 പേർക്ക് പുതുതായി തൊഴിൽ കാർഡ് നൽകിയിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിലെ 13 വാർഡിലെയും ലേബർ ഗ്രാമസഭ ചേർന്ന് ലേബർ ബജറ്റ് തയ്യാറാക്കിയിട്ടുണ്ട്. ഓഡിറ്റ് വർഷത്തെ ലേബർ ബജറ്റ് പ്രകാരം 285 പ്രവൃത്തികളാണ് വിഭാവനം ചെയ്തത്. 243 പ്രവൃത്തികൾക്ക് സാങ്കേതികാനുമതി ലഭിച്ചതിൽ 209 പ്രവൃത്തികൾ പൂർത്തീകരിക്കാനായിട്ടുണ്ട്. 35476 തൊഴിൽദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു. 237 തൊഴിലാളികൾ 100 തൊഴിൽ ദിനങ്ങൾ പൂർത്തിയാക്കിയിട്ടുണ്ട്. പഞ്ചായത്തിൽ ആകെയുള്ള 103 അയൽക്കൂട്ടങ്ങളിൽ 95 അയൽക്കൂട്ടങ്ങൾ പദ്ധതിയുമായി സഹകരിച്ചിട്ടുണ്ട്. 516 കുടുംബങ്ങൾ പദ്ധതിയുമായി സഹകരിച്ചു. പ്രകൃതി വിഭവ സംരക്ഷണത്തിന് മുൻഗണന നല്കി മഴക്കുഴി നിർമ്മാണം, കയ്യാല നിർമ്മാണം, പടുതാക്കുളം നിർമ്മാണം, തോട് ആഴം കൂട്ടൽ, പുനരുദ്ധാരണം എന്നീ പ്രവൃത്തികളും ആസ്തി സൃഷ്ടിക്കൽ പ്രവൃത്തികളായി ആട്ടിൻ കൂട്, തൊഴുത്ത്, കോഴിക്കൂട്, റോഡ് കോൺക്രീറ്റിംഗ് തുടങ്ങിയ പ്രവൃത്തികളുമാണ് ഏറ്റെടുത്ത് നടപ്പിലാക്കിയത്. ധനകാര്യ പത്രിക പ്രകാരമുള്ള 2020-21 വർഷത്തെ വരവ്-ചെലവ് കണക്കുകളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| കാഷ് | 199804 | 403529 | 603333 | 366278 | 237055 |
| ഇ.എഫ്.എം.എസ്. | 0 | 13602203 | 13602203 | 13602203 | 0 |
| ആകെ | 199804 | 14005732 | 14205536 | 13968481 | 237055 |

## 1-7 ക്ഷേമ പദ്ധതികൾ

2020-21 വർഷം ഗ്രാമ പഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു

| ക്ഷേമ പദ്ധതി | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 7080 | 9 |
| കർഷകതൊഴിലാളി പെൻഷൻ | 2569300 | 187 |
| വിധവാ പെൻഷൻ | 6870400 | 474 |
| വാർദ്ധക്യകാല പെൻഷൻ | 14709300 | 1105 |
| വികലാംഗ പെൻഷൻ | 3037400 | 206 |

| | | |
|---|---|---|
| അവിവാഹിത പെൻഷൻ | 438600 | 33 |
| വിധവകളുടെ പെൺമക്കളുടെ വിവാഹ ധന സഹായം | 60000 | 2 |

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 12.10.2021ന് അക്കൗണ്ടന്റിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 5229/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു. ക്യാഷ് ബാലൻസ് വെരിഫിക്കേഷൻ സർട്ടിഫിക്കറ്റ് തെളിവായി പ്രത്യേകം സൂക്ഷിച്ചിട്ടുണ്ട്.

## 1-9 ആഭ്യന്തരനിയന്ത്രണ സംവിധാനം

ഗ്രാമ പഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണസംവിധാനത്തിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) ഗ്രാമ പഞ്ചായത്തിന്റെ ആസ്തികൾ മൂല്യനിർണ്ണയം നടത്തി സാംഖ്യയിൽ അക്കൗണ്ട് ചെയ്തിട്ടില്ല.

2) വസ്തുനികുതി വിവിധ ശീർഷങ്ങളിലുള്ള കളക്ഷൻ, നീക്കിയിരിപ്പ് തുകകൾ വാർഷിക കണക്കുകൾ പ്രകാരമുള്ളത് സഞ്ചയ ഡി.സി.ബി പത്രികയിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല.

3) പെർമിറ്റ് രജിസ്റ്ററിൽ ആവശ്യമായ എല്ലാ വിവരങ്ങളും ഉൾപ്പെടുത്തി ആധികാരികമാക്കിയിട്ടില്ല.

4) ബജറ്റ് തയ്യാറാക്കുന്നതിൽ പഞ്ചായത്ത് രാജ് നിയമത്തിലെ ബന്ധപ്പെട്ട വകുപ്പുകൾ പ്രകാരമുള്ള നിബന്ധനകൾ പാലിക്കുന്നില്ല.

5) പദ്ധതി നിർവ്വഹണം- കൃഷി ഓഫീസറുടെ പ്രോജക്ട് നിർവ്വഹണം ഫലപ്രദമായി മോനിട്ടർ ചെയ്തില്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 08.04.2019 മുതൽ 09.04.2019 വരെ | 02/2019 | എ7-4482/2019 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 13.12.2018 മുതൽ 27.12.2018 വരെ | 2013-14 മുതൽ 2017-18 വരെ | എൽ ബി എ എച്ച്ക്യൂ/11/1/8ബി169/2018-19/308 തീയതി. 21.01.2019 |

## 1-11 രസീത് ബുക്ക് കൈകാര്യം ചെയ്യുന്നതിൽ കാണപ്പെട്ട അപാകതകൾ

പ്രോജക്ട് നം.137/20-21 ന്റെ നിർവ്വഹണോദ്യോഗസ്ഥ അസിസ്റ്റന്റ് എഞ്ചിനീയർ, എൽ.എസ്.ജി.ഡി. ആയിരുന്നു. പ്രോജക്ട് നടപ്പാക്കുന്നതിന് 13950 നമ്പർ രസീത് ബുക്ക് പ്രകാരം 10 കരാറുകാരിൽ നിന്നും 678/- രൂപ വീതം ഈടാക്കിയിരുന്നു. എന്നാൽ സാങ്കേതിക കാരണങ്ങളാൽ പ്രോജക്ട് നടപ്പിലാക്കാൻ സാധിക്കാതിരുന്നതിനാൽ മേൽ പ്രോജക്ടിനായി കരാറുകാരിൽ നിന്നും ഈടാക്കിയ തുക അതേ ദിവസം തന്നെ തിരികെ നൽകിയതായി ടെണ്ടർ രജിസ്റ്ററിൽ രേഖപ്പെടുത്തിയിരിക്കുന്നു. ഡബിൾ

സൈഡ് കാർബൺ ഉപയോഗിച്ച് കരാറുകാർക്ക് നൽകിയ രസീത് ഒറിജിനലിൽ മാത്രം തിരുത്തൽ വരുത്തിയാണ് തിരികെ നൽകിയത്. രസീതുകളിൽ തിരുത്തൽ വരുത്തുന്ന സന്ദർഭത്തിൽ ഒറിജിനൽ രസീത്, ഡ്യൂപ്ലിക്കേറ്റ് സഹിതം ക്യാൻസൽ ചെയ്യേണ്ടതും പുതിയ രസീത് എഴുതി നൽകേണ്ടതുമാണ്.

സാമ്പത്തികവർഷം അവസാനിയ്ക്കുമ്പോൾ ഉപയോഗശേഷം അവശേഷിയ്ക്കുന്ന രസീത് ബുക്ക് ലീഫുകൾ ഓരോ പേജും ക്യാൻസൽ ചെയ്ത് ഉത്തരവാദിത്വപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തി സൂക്ഷിയ്ക്കേണ്ടതാണ്.

രസീത് കൈകാര്യം ചെയ്യുന്നതിന് നിയോഗിക്കപ്പെടുന്ന ഉദ്യോഗസ്ഥർ നിലവിലുള്ള നിയമത്തിലെ വ്യവസ്ഥകൾ കർശനമായി പാലിയ്ക്കേണ്ടതാണ്.

## 1-12 മൊബൈൽ ടവറുകളുടെ വസ്തു നികുതി കുടിശ്ശിക നിലനിൽക്കുന്നു

മൊബൈൽ ടവറുകൾക്ക് 14.01.2011 ലെ സർക്കാർ ഉത്തരവ് നം. 19/2011/തസ്വഭവ പ്രകാരം തറവിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ നികുതി നിർണ്ണയിച്ച് ഈടാക്കേണ്ടതാണ്. ഉഴവൂർ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന 3 മൊബൈൽ ടവറുകളുടെ വസ്തു നികുതി കുടിശ്ശിക നിലനിൽക്കുന്നതായി കാണുന്നു. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | വാർഡ് / വാതിൽ നമ്പർ | ഉടമസ്ഥൻ്റെ പേര് | വർഷം | വസ്തു നികുതി ഇനത്തിലെ കുടിശ്ശിക |
|---|---|---|---|---|
| 1 | V/3 A | ജനറൽ മാനേജർ ബി എസ് എൻ എൽ | 2017-18 മുതൽ 2020-21 വരെ | 23016 X 4 = 92064 |
| 2 | VIII/58 | മാനേജർ റിലയൻസ് കമ്മ്യൂണിക്കേഷൻസ് ടവർ | 2019-20 മുതൽ 2020-21 വരെ | 7560 X 2 = 15120 |
| 3 | XI/313 | ജനറൽ മാനേജർ ബി എസ് എൻ എൽ | 2013-14 മുതൽ 2020-21 വരെ | 4253 X 8 = 34024 |
| | | ആകെ | | 141208 |

മേൽ മൊബൈൽ ടവറുകളുടെ വസ്തു നികുതി ഈടാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ നൽകുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (7/16.10.2021) റവന്യൂ റിക്കവറി, ജുഡീഷ്യൽ ഫസ്റ്റ്ക്ലാസ് കോടതിയിൽ പ്രോസിക്യൂഷൻ ഫയൽ ചെയ്യുക തുടങ്ങിയ അനന്തര നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് മറുപടി നൽകിയിട്ടുണ്ട്. അനന്തര നടപടികൾ പൂർത്തിയാക്കി വസ്തുനികുതി കുടിശ്ശിക സഹിതം ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-13 ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

1994 ലെ കേരള പഞ്ചായത്ത്രാജ് നിയമം വകുപ്പ് 204 പ്രകാരം ഒരു പഞ്ചായത്ത് പ്രദേശത്ത് ഒരു അർദ്ധവർഷത്തിൽ ആകെ 60 ദിവസത്തിൽ കുറയാതെ ജോലിയിൽ ഏർപ്പെട്ടിരിക്കുന്ന എതൊരാളുടെ മേലും തൊഴിൽ നികുതി ചുമത്താവുന്നതാണെന്ന് വ്യവസ്ഥ ചെയ്യുന്നു. താഴെ പറയുന്ന സ്ഥാപനത്തിൽ നിന്നും 2020-21 സാമ്പത്തികവർഷം തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

1. റേഷൻ കടകകൾ

2. ക്ഷീരസഹകരണ സംഘങ്ങൾ
3. വിവിധ പ്രോജക്ടുകൾ നടപ്പിലാക്കുന്ന കരാറുകാർ
4. എൽ.ഐ.സി. ഓഫീസ്, മോനിപ്പള്ളി
5. ജവസേവനകേന്ദ്രം, മോനിപ്പള്ളി

മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി ഓഡിറ്റിൽ അറിയിക്കുന്നതാണെന്ന് ഓഡിറ്റ് എൻക്വയറി നം.10/20-21 തീയതി 22.10.2021 ന് മറുപടി ലഭ്യമാക്കി. തൊഴിൽ നികുതി ചട്ടത്തിലെ വ്യവസ്ഥകൾ പ്രകാരം മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതും തൊഴിൽ നികുതി അടയ്ക്കുവാൻ ബാധ്യതയുള്ള എല്ലാ ജീവനക്കാരിൽ നിന്നും യഥാസമയം തൊഴിൽ നികുതി ഈടാക്കേണ്ടതുമാണ്.

## 1-14 ലൈസൻസ് ഫീസിനോടൊപ്പം യന്ത്രത്തിന്റെ കുതിരശക്തിയ്ക്ക് ആനുപാതികമായ ഫീസ് ഈടാക്കുന്നില്ല

1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരം ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ ലൈസൻസിന് അപേക്ഷ സമർപ്പിച്ചിട്ടുള്ള വ്യാപാരികൾക്ക് മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് അനുവദിച്ച നൽകിയിട്ടുണ്ട്. ഉഴവൂർ ഗ്രാമപഞ്ചായത്തിൽ ലൈസൻസ് സർട്ടിഫിക്കറ്റ് നൽകുന്നതിനായി ലൈസൻസ് ഫീ, സ്ഥാപന തൊഴിൽ നികുതി, യന്ത്രമുപയോഗിച്ച് പ്രവർത്തിയ്ക്കുന്ന സ്ഥാപനങ്ങൾക്ക് യന്ത്രത്തിന്റെ കുതിരശക്തി അടിസ്ഥാനമാക്കി ഫീസ് എന്നിവയാണ് ഈടാക്കുന്നത്. എന്നാൽ ചില വ്യാപാരികളിൽ നിന്നും 2020-21 വർഷം യന്ത്രത്തിന്റെ കുതിരശക്തി അടിസ്ഥാനമാക്കിയ ഫീസ് ഈടാക്കിയിട്ടില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| വ്യാപാരിയുടെ പേരും മേൽവിലാസവും | വാർഡ് നം./ കെട്ടിട നം. | ലൈസൻസിന്റെ ആവശ്യം | രജിസ്റ്റർ പ്രകാരം ചേർത്തിരിയ്ക്കുന്ന യന്ത്രത്തിന്റെ കുതിരശക്തി |
|---|---|---|---|
| വാണി സുനിൽകുമാർ, കാനാട്ട്, പെരുന്താനം | 9/196 | കളിപ്പാട്ട നിർമ്മാണം | 30 HP |
| സിറിയക് മാത്യു, വേലിക്കെട്ടേൽ, കുറിച്ചിത്താനം | 5/429 | ധാന്യം പൊടിച്ച് വിതരണം നടത്തുന്നതിന് | 5 HP |
| ജൂണോ എബി, ആനാലിൽ, ഉഴവൂർ | 8/18-എ | തേങ്ങ ചുരണ്ടി പായ്ക്ക് ചെയ്യുന്നതിന് | 3 HP |
| എം.കെ.ഗ്രിഗോറിയസ്, മുടക്കോട്ടിൽ, ഉഴവൂർ | 5/7 | സോമിൽ | 45.5 HP |

ലൈസൻസ് സർട്ടിഫിക്കറ്റ് നൽകുന്ന സമയം തന്നെ എല്ലാ വ്യാപാരികളിൽ നിന്നും ലൈസൻസ് ഫീ സംബന്ധിയ്ക്കുന്ന നോട്ടിഫിക്കേഷനിൽ പറയും പ്രകാരം ഉള്ള ഫീസുകൾ ഈടാക്കേണ്ടതാണ്.

## 1-15 ലൈസൻസില്ലാതെ പഞ്ചായത്ത് പരിധിയിൽ വ്യാപാര സ്ഥാപനങ്ങൾ പ്രവർത്തിയ്ക്കുന്നു

1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക

പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് അനുവദിക്കൽ) ചട്ടങ്ങൾ പ്രകാരം ലൈസൻസ് അനുവദിച്ച് പ്രവർത്തിക്കേണ്ടതായ എല്ലാ സ്ഥാപനങ്ങൾക്കും നിയമാനുസൃത ലൈസൻസ് നൽകിയിട്ടില്ലാത്തതായി കാണുന്നു. 2019-20 വർഷം ആകെ 205 സ്ഥാപനങ്ങളും 2020-21 വർഷം 202 സ്ഥാപനങ്ങളുമാണ് നിയമാനുസൃത ലൈസൻസോടുകൂടി ഉഴവൂർ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിയ്ക്കുന്നത്. എന്നാൽ സഞ്ചയ സോഫ്റ്റ്‌വെയറിലെ രേഖകൾ പ്രകാരം വ്യാവസായിക ആവശ്യങ്ങൾക്ക് ഉപയോഗിക്കാവുന്ന ഗണത്തിൽ 1194 കെട്ടിടങ്ങൾക്കാണ് വസ്തുനികുതി നിർണ്ണയിച്ച് നൽകിയിട്ടുള്ളത്.

ലൈസൻസ് ചട്ടങ്ങൾ പ്രകാരം ലൈസൻസ് സർട്ടിഫിക്കറ്റോടുകൂടി ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കേണ്ടതായ എല്ലാ സ്ഥാപനങ്ങളേയും ലൈസൻസിന്റെ പരിധിയിൽ കൊണ്ടുവരേണ്ടതാണ്. ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ഈ വിഷയത്തിൽ ഉണ്ടാകേണ്ടതാണ്.

**1-16 വാടക കുടിശിക ഈടാക്കിയിട്ടില്ല.**

പഞ്ചായത്തിലെ വാടകരജിസ്റ്റർ പ്രകാരം 2020-21 വർഷം 11303/-രൂപ കുടിശികയുണ്ട്. എന്നാൽ രജിസ്റ്ററിൽ കുടിശിക തുക ഏത് വാടകക്കാരനിൽ നിന്ന് ലഭിക്കാനുള്ളതാണെന്ന് വ്യക്തമല്ല. കുടിശിക തുക ഈടാക്കിയിട്ടുണ്ടെങ്കിൽ വാടകക്കാരന്റെ പേര് വിവരം, കാലയളവ്, കുടിശിക തുക എന്നീ വിവരങ്ങളും കൂടി ലഭ്യമാക്കാൻ ആവശ്യപ്പെട്ടുനൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (16/23.10.21) ബി എസ് എൻ എൽ ഓഫീസ് പ്രവർത്തിക്കുന്ന (5/3) കെട്ടിടത്തിന്റെ മൂന്ന് (5/20,6/20,7/20) മാസത്തെ വാടകകുടിശിക തുകയായ (2779+8137+387= 11303/-) 11303/-രൂപയാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. തുക നാളിതുവരെ അടവാക്കിയിട്ടില്ല. കുടിശിക തുക പിഴപലിശ സഹിതം ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

**1-17 മാർക്കറ്റ് ലേലം -ലേലതുക പൂർണ്ണമായും അടവാക്കിയിട്ടില്ല.**

2020-21 വർഷം പഞ്ചായത്തിലെ മാർക്കറ്റ് ഫീസ് പിരിവിനുള്ള അവകാശം 11.06.2020 നടന്ന ലേലത്തിൽ ശ്രീ ബേബി തോമസ് തോട്ടത്തിൽ എന്ന വ്യക്തിക്ക് 154000/-രൂപക്ക് ലേലം ഉറപ്പിച്ച് നൽകി. 20.06.2020ലെ 4(1) നമ്പർ തീരുമാന പ്രകാരം ലേലം കമ്മറ്റി അംഗീകരിച്ചു. ലേല തുകയുടെ ഒന്നാം ഗഡുവും ജി എസ് റ്റിയും ഉൾപ്പെടെ 61166/-രൂ 120050100433 രസീത് പ്രകാരം 23.06.2020 ൽ അടവാക്കി. ലേല രജിസ്റ്റർ, ഫയൽ എന്നിവയുടെ പരിശോധനയിൽ ശേഷിക്കുന്ന ലേലതുകയായ 102600/-രൂപ നാളിതുവരെ അടവാക്കിയതായി കാണുന്നില്ല. കരാറുകാരനിൽനിന്നും തുക ഈടാക്കിയിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് (നം-15/23.10.21) കോവിഡ് വ്യാപനം മൂലം നിയന്ത്രണങ്ങൾ നിലനിൽക്കുന്നതിനാൽ പൊതുജനങ്ങളും കച്ചവടക്കാരും മാർക്കറ്റിൽ എത്തുന്നത് കുറവായതിനാൽ മാർക്കറ്റിന്റെ പ്രവർത്തനം സുഗമമായി നടന്നിട്ടില്ല എന്നും ഈ സാഹചര്യത്തിൽ ലേല തുകയുടെ ബാക്കി അടാവാക്കുന്നതിന് ഇളവ് നൽകണമെന്നാവശ്യപ്പെട്ട് 03.8.20ന് കരാറുകാരൻ പഞ്ചായത്തിൽ അപേക്ഷ നൽകുകയും മാർക്കറ്റിൽ നിന്നുള്ള വരുമാനം കുറവാണെന്ന് കമ്മറ്റിക്ക് നേരിട്ട് ബോദ്ധ്യപ്പെടുകയും ചെയ്തുവെന്നും മറുപടി നൽകി. ലേല തുക പകുതിയായി കുറച്ച് നൽകുന്നതിന് സർക്കാരിൽ നിന്ന് അംഗീകാരം ലഭിക്കുന്നതിനായി 6.11.2020 ലെ 8(6) നമ്പർ കമ്മറ്റിയിൽ തീരുമാനം എടുക്കുകയും 12.11.2020 ന് എ7-4061/2020 നമ്പർ കത്ത് ഡി ഡി പി മുഖേന സർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിക്കുകയും ചെയ്തിട്ടുണ്ട് .നാളിതുവരെ കത്തിന് മറുപടി ലഭ്യമാകാത്ത സാഹചര്യത്തിൽ 25.05.21ന് ബാക്കിതുക അടവാക്കുന്നതിന് അപേക്ഷകന് കത്ത് നൽകി എന്നും മറുപടി ലഭ്യമാക്കി. സർക്കാർ മാർഗനിർദ്ദേശ പ്രകാരം നടപടികൾ സ്വീകരിച്ച് തുക ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-18 പെൻഷണറുടെ മരണശേഷവും സാമൂഹ്യ സുരക്ഷ പെൻഷൻ അനുവദിച്ചു

2020-21 വർഷം ഉഴവൂർ ഗ്രാമപഞ്ചായത്തിൽ സാമൂഹ്യ സുരക്ഷ പെൻഷണർമാരുടെ മരണശേഷവും അക്കൗണ്ടിൽ പണം നിക്ഷേപിച്ചിരിക്കുന്നതായി കാണുന്നു. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| പെൻഷണറുടെ പേര്, വിലാസം | പെൻഷണർ ഐ.ഡി | മരണത്തീയതി | അനർഹമായി പെൻഷൻ നൽകിയ മാസങ്ങൾ | അനർഹമായി നൽകിയ തുക |
|---|---|---|---|---|
| ഉലഹന്നാൻ തൊമ്മൻ, ചെറുവള്ളിൽ, മോനിപ്പള്ളി | 105240200299 | 11.05.2020 | ജൂണ് 2020 മുതൽ ഓഗസ്റ്റ് 20 വരെ 3 മാസങ്ങൾ | 4500 |
| ലക്ഷ്മി കൃഷ്ണൻ, പാലയ്ക്കൽ, ഉഴവൂർ | 105240200077 | 13.06.2020 | ജൂലൈ 2020 മുതൽ സെപ്റ്റംബർ 2021 വരെ 15 മാസങ്ങൾ | 23100 |
| പങ്കജാക്ഷി കേശവൻ, പടിഞ്ഞാറെ അട്ടക്കനാൽ, മോനിപ്പള്ളി | 105240600314 | 12.08.2020 | സെപ്റ്റംബർ 2020 മുതൽ സെപ്റ്റംബർ 21 വരെ 13 മാസങ്ങൾ | 19700 |
| സി.ജി.ശശി, ചുരുണാൽ, മോനിപ്പള്ളി | 105240200553 | 06.08.2020 | സെപ്റ്റംബർ 2020 മുതൽ സെപ്റ്റംബർ 21 വരെ 13 മാസങ്ങൾ | 19700 |
| ജാനകി, മടക്കത്തറ, ഓൾഡ് ഏജ് ഹോം, മോനിപ്പള്ളി | 105240600005 | 30.10.2020 | നവംബർ 2020 മുതൽ സെപ്റ്റംബർ 21 വരെ 11 മാസങ്ങൾ | 16900 |

മേൽ രേഖപ്പെടുത്തിയതിന് സമാനരീതിയിൽ പെൻഷനറുടെ മരണശേഷവും പെൻഷൻ നൽകിയ സാഹചര്യം ഉണ്ടെങ്കിൽ പരിശോധിക്കേണ്ടതും അധികമായി നൽകിയ പെൻഷൻ തുക തിരികെ സർക്കാരിലേയ്ക്ക് അടവാക്കാനും പെൻഷൻ സസ്പെൻറ് ചെയ്തിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാനുമാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.14/20-21 തീയതി 23.10.2021) സേവന വെബ്സൈറ്റ് പെൻഷൻ വിതരണത്തിനായി അടച്ചിരിയ്ക്കുന്നതിനാൽ ആയത് തുറക്കുന്ന സമയത്ത് അക്കൗണ്ട് സസ്പെന്റ് ചെയ്യുന്നതിനും, അനർഹമായി നൽകിയ പണം തിരികെ ഈടാക്കുന്നതിനും നടപടി സ്വീകരിച്ച് ഓഡിറ്റിൽ അറിയ്ക്കുന്നതാണ് എന്ന് മറുപടി നൽകി.

മരണം രജിസ്റ്റർ ചെയ്യുന്ന സമയം തന്നെ പെൻഷൻ സോഫ്ട്‌വെയറിൽ പെൻഷൻ അക്കൗണ്ട്

സസ്പെന്റ് ചെയ്യേണ്ടതും അനർഹമായ രീതിയിൽ പണം നിക്ഷേപിയ്ക്കപ്പെടുന്നില്ല എന്ന് ഉറപ്പാക്കേണ്ടതുമാണ്.

**1-19 റോഡ് ടാറിംഗ്/ റീടാറിംഗ് പ്രവൃത്തികളുടെ ബില്ലിൽ നിന്നും കുറവ് ചെയ്ത കാലിവീപ്പകളുടെ വില തനത് ഫണ്ടിൽ സൂക്ഷിച്ചിരിക്കുന്നത് സർക്കാരിലേക്ക് ഒടുക്കേണ്ടതാണ്.**

ഗ്രാമ പഞ്ചായത്തിന്റെ 2020-21 വാർഷിക കണക്കിൽ RP5 ഷെഡ്യൂളിൽ 150120103 “Sale Of Scrap” എന്ന ശീർഷകത്തിൽ 70782 രൂപ വരവുണ്ട്. ഇത് 2020-21 വർഷം അസിസ്റ്റന്റ് എൻജിനീയർ നടപ്പാക്കിയ വിവിധ ടാറിംഗ്/ റീടാറിംഗ് പ്രവൃത്തികളുടെ ബില്ലിൽ നിന്നും കുറവ് ചെയ്ത കാലിവീപ്പകളുടെ വില തനത് ഫണ്ടിൽ ക്രെഡിറ്റ് ചെയ്തിരിക്കുന്നതാണ്.

തദ്ദേശസ്വയംഭരണ വകുപ്പിന്റെ 30.10.2007 ലെ 59827/എഫ്.എം./ 07 നമ്പർ സർക്കുലർ പ്രകാരം കരാറുകാരുടെ ബില്ലിൽ നിന്നും ഈടാക്കുന്ന കാലിവീപ്പകളുടെ വില ഏത് ഫണ്ടിൽ നിന്നാണോ ടാർ വാങ്ങിയത് അതേ ഫണ്ടിൽ തിരികെ ഒടുക്കണം എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ആയതിനാൽ ടാറിംഗ്/ റീടാറിംഗ് പ്രവൃത്തികളുടെ ബില്ലിൽ നിന്നും കുറവ് ചെയ്ത കാലിവീപ്പകളുടെ വില തനത് ഫണ്ടിൽ സൂക്ഷിച്ചിരിക്കുന്നത് ക്രമപ്രകാരമല്ല. അപാകത സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ 2-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയതിൽ തനത് ഫണ്ടിൽ സൂക്ഷിച്ചിരിക്കുന്ന തുക അതാത് ശീർഷകത്തിലേക്ക് മാറ്റുന്നതാണ് എന്ന് അറിയിച്ചു. കരാറുകാരുടെ ബില്ലിൽ നിന്നും ഈടാക്കി തനത് ഫണ്ടിൽ സൂക്ഷിച്ചിരിക്കുന്ന കാലിവീപ്പകളുടെ വില 70782 രൂപ അതാത് ശീർഷകങ്ങളിൽ സർക്കാരിലേയ്ക്ക് ഒടുക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

**1-20 ജി.എസ്.റ്റി ഒടുക്ക് വിവരം ലഭ്യമല്ല.**

ഗ്രാമ പഞ്ചായത്തിൽ 2020-21 വാർഷിക പദ്ധതിയിൽ അസിസ്റ്റന്റ് എൻജിനീയർ നടപ്പാക്കിയ താഴെ ചേർക്കുന്ന പ്രവൃത്തികളിൽ എം ബുക്ക് പ്രകാരമുള്ള വേലമൂല്യത്തോടുകൂടി 12% ജി.എസ്.റ്റി. കൂട്ടിയ തുകയാണ് പിൻവലിച്ചിട്ടുള്ളത്. ടി തുകയിൽ നിന്നും ആദായനികുതി, ക്ഷേമനിധിവിഹിതം എന്നിവ കിഴിവ് ചെയ്തതിനു ശേഷം കരാറുകാരന് തുക നൽകി. എന്നാൽ ടി കരാറുകാർ ജി.എസ്.റ്റി ഒടുക്കിയതിന്റെ വിവരങ്ങളോ റിട്ടേൺ ഫയൽ ചെയ്തതിന്റെ വിശദാംശങ്ങളോ ഫയലിൽ ചേർത്തിരുന്നില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| പ്രോജക്റ്റ് നം/ പേര് | എം ബുക്ക് പ്രകാരമുള്ള വേലമൂല്യം | 12% ജി.എസ്.റ്റി | 12% ജി.എസ്.റ്റി ഉൾപ്പടെ ചെലവ് | ബിൽ നം/ തീയതി | കരാറുകാരൻ |
|---|---|---|---|---|---|
| 108/21 ചാലിൽ കുഴിപ്പിള്ളി- റോഡ് ഐറിഷ് ഡ്രയിൻ | 88863 | 10664 | 99527 | 79/20-21/12.1.21 | ജയൻ മോഹനൻ, മഞ്ഞപ്പള്ളിക്കുന്നേൽ. |
| 91/21 അഞ്ചക്കുന്നത്ത്- ഇഞ്ചനാട്ട് റോഡ് റീ ടാറിംഗ് | 98159 | 11779 | 109938 | 81/20-21/ 12.1.21 | കെ.കെ. ജോസ്, തോട്ടിയിൽ, ഉഴവൂർ ഈസ്റ്റ് |
| 223/21 | 99224 | 11907 | 111131 | 83/20-21/ | കെ.കെ. ജോസ്, തോട്ടിയിൽ, ഉഴവൂർ |

| | | | | | |
|---|---|---|---|---|---|
| നെല്ലാമറ്റം-വെട്ടിമറ്റം റോഡ് റീ ടാറിംഗ് | | | | 12.1.21 | ഈസ്റ്റ് |
| 267/21 കൊപ്രാക്കുളം മെയിന്റനൻസ് | 133643 | 16037 | 149680 | 82/20-21/ 12.1.21 | കെ.കെ. ജോസ്, തോട്ടിയിൽ, ഉഴവൂർ ഈസ്റ്റ് |

ടി കരാറുകാർ ജി.എസ്.റ്റി. ഒടുക്കിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ 4-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയതിൽ കരാറുകാർ റിട്ടേൺ ഫയൽ ചെയ്യുന്നത് സാമ്പത്തിക വർഷം അവസാനിക്കുമ്പോളായതിനാൽ ഓരോ പ്രവൃത്തിയുടെയും വിവരങ്ങൾ ഫയലിൽ ഉൾപ്പെടുത്തുന്നത് പ്രായോഗികമല്ല എന്ന് അറിയിച്ചു. ടി കരാറുകാർ ജി.എസ്.റ്റി. ഒടുക്കിയതിന്റെ രേഖകൾ ഹാജരാക്കുന്നത് വരെ ജി.എസ്.റ്റി. ഒടുക്കുന്നതിന് അധികമായി അനുവദിച്ച 50387 രൂപയുടെ ചെലവ് ( 10664 + 11779 + 11907 + 16037 ) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കാത്തപക്ഷം 50387 രൂപ ബന്ധപ്പെട്ട കരാറുകാരിൽ നിന്നും തിരികെ ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

**1-21 തനത് ഫണ്ടിൽ സൂക്ഷിച്ചിരുന്ന സർക്കാർ ഫണ്ട് ഓഡിറ്റിൽ ചൂണ്ടിക്കാണിച്ചതിന്റെ അടിസ്ഥാനത്തിൽ സർക്കാരിലേയ്ക്ക് ഒടുക്കി.**

ഗ്രാമ പഞ്ചായത്തിന്റെ മുൻ വാർഷിക പദ്ധതി പ്രകാരം വിവിധ കുടിവെള്ള പദ്ധതികളുടെ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ പ്രവൃത്തികൾക്കായി ജല അതോറിറ്റിയിൽ നിക്ഷേപിച്ചിരുന്ന തുകയിൽ, പ്രവൃത്തിയുടെ പൂർത്തീകരണ ശേഷം മിച്ചം വന്ന തുക പഞ്ചായത്തിൽ തിരികെ ലഭിച്ചിരുന്നു. ആയത് സാംഖ്യയിൽ 350300109 " Government And Other Dues Payable- Refund Of Unutilised Grants Of Prior Period" എന്ന ശീർഷകത്തിൽ അക്കൗണ്ട് ചെയ്തിരുന്നു. മേൽ ശീർഷകത്തിന്റെ ലഡ്ജർ പരിശോധിച്ചതിൽ 31.3.2021 ൽ 88258 രൂപ സർക്കാരിലേയ്ക്ക് തിരികെ ഒടുക്കുവാനുള്ളതായി കണ്ടു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| പ്രോജക്ടിന്റെ പേര് | തിരികെ ലഭിച്ച തുക | അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്ത തീയതി | ബാങ്ക് |
|---|---|---|---|
| ജവഹർ കോളനി, നീരുരുട്ടി പൈപ്പ് ലൈൻ എക്സ്റ്റൻഷന് | 41138 | 19.6.2017 | ഉഴവൂർ സർവ്വീസ് സഹകരണ ബാങ്ക് |
| വെട്ടുവേലി ചുരുന്നപ്പാറ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 34486 | 18.6.2019 | എസ്.ബി.ഐ |
| വെട്ടുവേലി ചുരുന്നപ്പാറ | 12634 | 18.12.2019 | എസ്.ബി.ഐ |

| | | | |
|---|---|---|---|
| പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | | | |
| ആകെ | 88258 | | |

ടി തുകകൾ സർക്കാരിലേയ്ക്ക് തിരികെ ഒടുക്കിയിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി ( നമ്പർ 1) നൽകിയപ്പോൾ 88258 രൂപ സർക്കാരിലേയ്ക്ക് ഒടുക്കി ചെലാൻ ഹാജരാക്കി.

**1-22 വനിതകൾക്ക് കുരുമുളക് കൃഷി - രേഖകൾ ലഭ്യമല്ല**

പ്രോജക്ട് നം. 256/20-21 സുഭിക്ഷ കേരളം - വനിതകൾക്ക് കുരുമുളക് കൃഷി
നിർവ്വഹണ ഉദ്യോഗസ്ഥൻ - കൃഷി ഓഫീസർ

അടങ്കൽ - 71200 (വികസന ഫണ്ട് - പൊതുവിഭാഗം)

ചെലവ് - 35200 (വികസന ഫണ്ട് - പൊതുവിഭാഗം)

ബിൽ നം. 5/20-21 തീ. 26.03.2021 പ്രകാരം ഫാം സൂപ്രണ്ട്, ജില്ലാ അഗ്രികൾച്ചർ ഫാമിന്റെ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ 67201373976 രൂപ നൽകിയിട്ടുള്ളതും വിതരണ രേഖകൾ ഫയലിൽ ലഭ്യമാക്കിയിട്ടുള്ളതുമാണ്. ഗുണഭോക്താക്കളുടെ അപേക്ഷ, അനുബന്ധ രേഖകൾ എന്നിവ ലഭ്യമാക്കുവാൻ ഓഡിറ്റ് അന്വേഷണക്കുറിപ്പ് (17/23.10.2021) നൽകിയെങ്കിലും ആയവ ലഭ്യമായിട്ടില്ല. ഗുണഭോക്താക്കളുടെ അർഹത നിശ്ചയിക്കുവാൻ മേൽ രേഖകൾ ആവശ്യമായതിനാൽ രേഖകൾ ലഭ്യമാക്കുന്നതുവരെ 35200/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

**1-23 വിള വ്യാപനം ധനസഹായം - രേഖകൾ ലഭ്യമല്ല**

പ്രോജക്ട് നം. 254/20-21 സുഭിക്ഷ കേരളം - വിള വ്യാപനം ധനസഹായം - ജനറൽ
നിർവ്വഹണ ഉദ്യോഗസ്ഥൻ - കൃഷി ഓഫീസർ

അടങ്കൽ - 100000 - 10000(വികസന ഫണ്ട് - പൊതുവിഭാഗം) + 90000 (ബ്ലോക്ക് പഞ്ചായത്ത് വിഹിതം)

ചെലവ് - 94600 - 7600(വികസന ഫണ്ട് - പൊതുവിഭാഗം) + 87000 (ബ്ലോക്ക് പഞ്ചായത്ത് വിഹിതം)

ബിൽ നം. 2/20-21/23.3.21, 3/20-21/26.3.21 പ്രകാരം 7600 രൂ, 87000 രൂ എന്നീ തുകകൾ 7 എഡിഎസ് ഗ്രൂപ്പുകൾക്ക് നൽകിയിട്ടുണ്ട്. ഗുണഭോക്താക്കളുടെ അപേക്ഷ, അനുബന്ധ, വിതരണ രേഖകൾ എന്നിവ ലഭ്യമാക്കുവാൻ ഓഡിറ്റ് അന്വേഷണക്കുറിപ്പ് (17/23.10.2021) നൽകിയെങ്കിലും ആയവ ലഭ്യമായിട്ടില്ല. അർഹത നിശ്ചയിക്കുവാനും വിതരണം ചെയ്ത് പദ്ധതി പൂർത്തീകരിച്ചുവെന്ന് ഉറപ്പിക്കുവാനും മേൽ രേഖകൾ ആവശ്യമായതിനാൽ രേഖകൾ ലഭ്യമാക്കുന്നതുവരെ 94600/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

**1-24 വിള വ്യാപനം വനിതകൾക്ക് ധനസഹായം - രേഖകൾ ലഭ്യമല്ല**

പ്രോജക്ട് നം. 253/20-21 സുഭിക്ഷ കേരളം - വിള വ്യാപനം വനിതകൾക്ക് ധനസഹായം
നിർവ്വഹണ ഉദ്യോഗസ്ഥൻ - കൃഷി ഓഫീസർ

അടങ്കൽ - 520000 - 88000(വികസന ഫണ്ട് - പൊതുവിഭാഗം) + 432000 (ബ്ലോക്ക് പഞ്ചായത്ത് വിഹിതം)

ചെലവ് - 160000 - 160000 (ബ്ലോക്ക് പഞ്ചായത്ത് വിഹിതം)

ബിൽ നം. 4/20-21/26.3.21 പ്രകാരം 160000 രൂ എന്നീ തുകകൾ 7 എഡിഎസ് ഗ്രൂപ്പുകൾക്ക് നൽകിയിട്ടുണ്ട്. ഗുണഭോക്താക്കളുടെ അപേക്ഷ, അനുബന്ധ, വിതരണ രേഖകൾ എന്നിവ

ലഭ്യമാക്കുവാൻ ഓഡിറ്റ് അന്വേഷണക്കുറിപ്പ് (17/23.10.2021) നൽകിയെങ്കിലും ആയവ ലഭ്യമായിട്ടില്ല. അർഹത നിശ്ചയിക്കുവാനും വിതരണം ചെയ്ത് പദ്ധതി പൂർത്തീകരിച്ചുവെന്ന് ഉറപ്പിക്കുവാനും മേൽ രേഖകൾ ആവശ്യമായതിനാൽ രേഖകൾ ലഭ്യമാക്കുന്നതുവരെ 160000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-25 എ ബി സി പ്രോഗ്രാം - വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല

പ്രോജക്ട് നം. 63/2019-20

നിർവ്വഹണ ഉദ്യോഗസ്ഥൻ - വെറ്ററിനറി സർജൻ

അടങ്കൽ - 210000 (വികസന ഫണ്ട് - ജനറൽ)

ചെലവ് - 210000 (വികസന ഫണ്ട് - ജനറൽ)

വെറ്ററിനറി സർജൻ നിർവ്വഹണ ഉദ്യോഗസ്ഥനായ എ ബി സി പ്രോഗ്രാം എന്ന പ്രോജക്ടിനായി കുടുംബശ്രീ ജില്ലാ മിഷൻ കോ-ഓർഡിനേറ്ററുടെ യൂണിയൻ ബാങ്കിലെ 337002010016169 നമ്പർ അക്കൗണ്ടിലേക്ക് 210000 രൂ ബിൽ നം. 3/11.08.2020 പ്രകാരം നൽകിയിരുന്നു. മേൽ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടുണ്ടെങ്കിൽ ഓഡിറ്റിന് ലഭ്യമാക്കുവാനാവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (6/16.10.2021) നൽകിയെങ്കിലും മറുപടി ലഭ്യമായിട്ടില്ല. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതുവരെ 210000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-26 ഹോമിയോ ആശുപത്രികൾക്ക് മരുന്നുകൾ ലഭ്യമായിട്ടില്ല

മെഡിക്കൽ ഓഫീസർ, ഹോമിയോ നിർവ്വഹണോദ്യോഗസ്ഥനായി 2020-21 വർഷം മരുന്ന് വാങ്ങലിനായി താഴെപ്പറയുന്ന പ്രോജക്ടുകൾ നടപ്പാക്കിയിരുന്നു.

| ക്രമ നം | പ്രോജക്ട് നം, പേര് | അടങ്കൽ | ചെലവ് | ബിൽ നം., തീയതി | തുക |
|---|---|---|---|---|---|
| 1 | 35/20-21 ഉഴവൂർ എൻ ആർ എച്ച് എം ആശുപത്രിക്ക് മരുന്ന വാങ്ങൽ | 200000 (മെയിൻറനൻസ് ഫണ്ട് - റോഡിതരം) | 200000 | 2/20-21, 01.03.2021 | 200000 |
| 2 | 36/20-21 മോനിപ്പള്ളി ജി എച്ച് സി ക്ക് മരുന്ന വാങ്ങൽ | 100000 (മെയിൻറനൻസ് ഫണ്ട് - റോഡിതരം) | 100000 | 1/20-21, 01.03.2021 | 100000 |

ക്രമ നം. 1, 2 ലെ ബില്ലുകൾ പ്രകാരം ആകെ 300000/- രൂപ കേരള സ്റ്റേറ്റ് ഹോമിയോപ്പതിക് കോ-ഓപ്പറേറ്റീവ് ഫാർമസ്യൂട്ടിക്കൽ ലിമിറ്റഡിന്റെ അക്കൗണ്ടിലേക്ക് കൈമാറിയിട്ടുണ്ട്. എന്നാൽ നാളിതുവരെ മരുന്നുകൾ ലഭ്യമായിട്ടില്ല. ആയതിനാൽ രണ്ട് പ്രോജക്ടുകളിലായി 300000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. മരുന്നുകൾ പൂർണ്ണമായി ലഭ്യമാക്കി വിവരമറിയിക്കേണ്ടതാണ്.

## 1-27 ആശുപത്രി ഉപകരണങ്ങൾ ലഭ്യമായിട്ടില്ല.

| | |
|---|---|
| പ്രോജക്ട് നം. | 32/21 |
| നിർവ്വഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ (സി.എച്ച് സി ) |

| | |
|---|---|
| അടങ്കൽ | 500000/-- |
| ചെലവ് | 499999 |
| ഫണ്ട് | പ്ലാൻഫണ്ട് |
| ബിൽ നം. | 6/21, 17.02.21 |

പാലിയേറ്റീവ് പരിചരണ പദ്ധതിയുടെ ഭാഗമായി പി.എച്ച്.സി.യിലേക്ക് (പ്രോജക്റ്റ് നം-32/21) കിടപ്പ് രോഗികൾക്കുള്ള ഉപകരണങ്ങൾ വാങ്ങുന്നതിനായി കേരള മെഡിക്കൽ സർവീസ് കോർപ്പറേഷന്റെ കാരുണ്യഫാർമസിയുടെ പഞ്ചാബ് നാഷണൽ ബാങ്കിന്റെ (A/C No-3624001800000019)അക്കൗണ്ടിലേക്ക് 59989/-രൂപ 17.02.21 ന് നൽകിയിരുന്നു. സ്റ്റോക്ക് രജിസ്റ്ററിൽ 41000/-രൂപയുടെ ഉപകരണങ്ങൾ ലഭിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്. ശേഷിക്കുന്ന 18989/-രൂപയുടെ ഉപകരണങ്ങൾ ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ അറിയിക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് (നം-12/22.10.21) ഉപകരണങ്ങൾ ലഭ്യമാകുന്നതനുസരിച്ച് എത്തിച്ചുനൽകുന്നതാണെന്ന് അറിയിച്ചിട്ടുണ്ടെന്ന് മറുപടി ലഭ്യമാക്കി. ഉപകരണങ്ങൾ ലഭ്യമാകുന്ന മുറയ്ക്ക് സ്റ്റോക്കിൽ ചേർത്ത് വിവരം ഓഡിറ്റിൽ അറിയിക്കുന്നതുവരെ 18989/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

**<u>1-28 അങ്കണവാടികളുടെ ഭൗതികസാഹചര്യം മെച്ചമല്ല-തുടർപ്രോജക്ടുകൾ ആവശ്യം</u>**

പഞ്ചായത്തിൽ 19 അങ്കണവാടികൾ പ്രവർത്തിക്കുന്നുണ്ട്. അങ്കണവാടികളുടെ നിലവിലെ അടിസ്ഥാനസൗകര്യങ്ങളുടെ വിശദാംശങ്ങൾ ഉൾപ്പെടുത്തി ഐ.സി.ഡി.എസ് സൂപ്പർവൈസർ ലഭ്യമാക്കിയ പട്ടിക പ്രകാരം 4 അങ്കണവാടികൾ വാടകകെട്ടിടത്തിലും ഒരെണ്ണം സ്കൂൾ കെട്ടിടത്തിലുമാണ് പ്രവർത്തിക്കുന്നത്. രണ്ട് അങ്കണവാടിക്ക് സ്ഥലം ലഭിച്ചിട്ടുള്ളതിൽ ഒരെണ്ണത്തിന് കെട്ടിടനിർമ്മാണത്തിന് പ്രോജക്റ്റ് തയ്യാറാക്കിയിട്ടുണ്ടെന്നും അറിയിച്ചു. മറ്റ് മൂന്ന് അങ്കണവാടികൾക്കും സ്ഥലം കണ്ടെത്തുകയും അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിന് പ്രോജക്റ്റുകൾ ആവിഷ്കരിച്ച് നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

**<u>1-29 നിക്ഷേപ പ്രവൃത്തികളുടെ വിനിയോഗസാക്ഷ്യപത്രം/പൂർത്തീകരണ വിവരം ലഭിച്ചിട്ടില്ല.</u>**

2020-21 വർഷം ഗ്രാമ പഞ്ചായത്ത് സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ താഴെ ചേർക്കുന്ന നിക്ഷേപ പ്രവൃത്തികളുടെ വിനിയോഗസാക്ഷ്യപത്രം/പൂർത്തീകരണ വിവരം ഫയലിൽ സൂക്ഷിച്ചിട്ടില്ല.

| ക്രമ നം | പ്രോജക്റ്റ് നം/ പേര് | നിക്ഷേപിച്ച തുക | ബിൽ നം/ തീയതി | തുക നിക്ഷേപിച്ച സ്ഥാപനം |
|---|---|---|---|---|
| 1 | 6/21 വിവിധ വാർഡുകളിൽ സ്ട്രീറ്റ് മെയിൻ വലിക്കലും പോസ്റ്റ് സ്ഥാപിക്കലും | 449226 | 60/20-21/29.3.21 | കെ.എസ്.ഇ.ബി, മരങ്ങാട്ടുപള്ളി |
| 2 | 7/21 വിവിധ വാർഡുകളിൽ കുടിവെള്ളപദ്ധതി | 40800 | 54/20-21/25.3.21 | കേരള വാട്ടർ അതോറിറ്റി |

| | | | | |
|---|---|---|---|---|
| | പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | | | |
| 3 | 293/21<br>ജില്ലാ ആസൂത്രണ സമിതി മന്ദിരം നിർമ്മാണത്തിന് ധനസഹായം | 250000<br>250000 | 30/20-21/7.11.20<br>42/20-21/27.2.21 | ജില്ലാ പ്ലാനിംഗ് ഓഫീസ് കോട്ടയം |
| | ആകെ | 990026 | | |

മേൽ പ്രവൃത്തികളുടെ വിനിയോഗസാക്ഷ്യപത്രം/പൂർത്തീകരണ വിവരം ലഭ്യമായിട്ടുണ്ടെങ്കിൽ ഓഡിറ്റിൽ ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ 18-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയതിൽ വിനിയോഗസാക്ഷ്യപത്രം ലഭ്യമാകുന്ന മുറയ്ക്ക് ഓഡിറ്റിൽ അറിയിക്കുന്നതാണ് എന്ന് അറിയിച്ചു. വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കുന്നത് വരെ 990026 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കി 990026 രൂപയുടെ തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-30 കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ- അവലോകനം

കോവിഡ് രോഗവ്യാപനം നിയന്ത്രിക്കുന്നതിനും കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കുമായി 14.07.2020ൽ പഞ്ചായത്തിലെ കെ.ആർ.എൻ.എം.എസ് ആശുപത്രിയിൽ സി എഫ് എൽ ടി സി പ്രവർത്തനം ആരംഭിച്ചു. 24.05.21മുതൽ 22.09.21 വരെ പഞ്ചായത്തിലെ മോനിപ്പിള്ളി ജി.എൽ.പി. സ്കൂളിൽ ഡി സി സി പ്രവർത്തിച്ചിരുന്നു. പ്രതിരോധ പ്രവർത്തനങ്ങൾക്ക് 2020-21 വർഷത്തിൽ സംഭാവന ഇനത്തിൽ 160702 രൂപ ലഭിച്ചിട്ടുണ്ട്. കോവിഡ് പ്രാഥമിക ചികിത്സാകേന്ദ്രത്തിന് അടിസ്ഥാന സൗകര്യം ഒരുക്കുന്നതിന് ചെലവായ 93832 രൂപ ജില്ലാകളക്ടറുടെ 14.10.2020 തീയതിയിലെ DM A1-6182/2020/CZFLTC-B-3 നമ്പർ ഉത്തരവ് പ്രകാരം ജില്ലാ ദുരന്തനിവാരണ ഫണ്ടിൽ നിന്നും 30.10.2020 ൽ ലഭിച്ചിട്ടുണ്ട് . ഡി സി സി യുടെ പ്രവർത്തനങ്ങൾക്കായി ജില്ലാ ദുരന്തനിവാരണ ഫണ്ടിൽ നിന്നും 29.05.2021 ലെ ഡി.എം.1-6182/2020 നമ്പർ ഉത്തരവ് പ്രകാരം 100000/-രൂപ അനുവദിച്ചു. ഡി.സി.സി മാനേജ്മെന്റ് കമ്മിറ്റിയ്ക്കായി ഫെഡറൽ ബാങ്ക് ഉഴവൂർ ശാഖയിൽ ആരംഭിച്ച കറണ്ട് അക്കൗണ്ടിലേക്ക് (A/C No-14230200001573) പ്രസ്തുത തുക ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്തിട്ടുണ്ട്. കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്ക് നാളിതുവരെ 374722 രൂപ ചെലവഴിച്ചിട്ടുണ്ട്. ഇതിൽ 157336 രൂപ സാമൂഹിക അടുക്കളയുടെ ചെലവുകളാണ്. കൂടാതെ ദുരന്ത നിവാരണ പ്രവർത്തനങ്ങളുടെ ഭാഗമായി ഗ്രാമ പഞ്ചായത്ത് കോവിഡ് മഹാമാരി സംബന്ധിച്ച ബോധവൽക്കരണം, വിവിധ അനൗസ് മെന്റുകൾ, വിവിധ തലങ്ങളിലുള്ള ശുചീകരണ പ്രവർത്തനങ്ങൾ,ഉപകരണങ്ങൾ വാങ്ങൽ എന്നിവ നടത്തിയിട്ടുണ്ട്. സർക്കാർ നിർദ്ദേശങ്ങൾക്കനുസൃതമായി സാമ്പത്തിക അച്ചടക്കം പാലിച്ച് കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളിൽ ഗ്രാമപഞ്ചായത്ത് കാര്യക്ഷമമായി തന്നെ പങ്കെടുത്തിട്ടുണ്ട് .

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി |
|---|---|
| 2020-21 | 13.10.2021 |

ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ്, ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.

### 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നല്കിയ സ്ഥാപനം | തുക ലഭിച്ച തീയതി | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാക്കി |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് ഉഴവൂർ | 07.01.2021<br>14.01.2021<br>15.01.2021 | 38000<br>75000<br>25000 | 52/20-21, ലൈഫ് മിഷൻ ഭവന നിർമ്മാണത്തിന് ധനസഹായം - ജനറൽ | 138000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് ഉഴവൂർ | 19.01.2021<br>14.03.2021 | 100000<br>32065 | 24/20-21, ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 132065 | 0 |
| ബ്ലോക്ക് പഞ്ചായത്ത് ഉഴവൂർ | 20.01.2021 | 20000 | 53/20-21, ലൈഫ് മിഷൻ ഭവന നിർമ്മാണത്തിന് ധനസഹായം - എസ് സി | 20000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് ഉഴവൂർ | 08.02.2021 | 87000 | 254/20-21, സുഭിക്ഷ കേരളം വിള വ്യാപനം തരിശ്ശ് കൃഷി പ്രോത്സാഹനം | 87000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 08.02.2021 | 160000 | 254/20-21, സുഭിക്ഷ കേരളം | 160000 | 0 |

| | | | | | |
|---|---|---|---|---|---|
| ഉഴവൂർ | | | വിള വ്യാപനം തരിശ്ശ് കൃഷി പ്രോത്സാഹനം - വനിത | | |
| ബ്ലോക്ക് പഞ്ചായത്ത് ഉഴവൂർ | 14.03.2021 | 23130 | 64/20-21, ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് - എസ് സി | 23130 | 0 |
| **ആകെ** | | **560195** | | **560195** | **0** |
| ജില്ലാ പഞ്ചായത്ത്, കോട്ടയം | 04.05.2020<br>07.08.2020<br>06.03.2021 | 121500<br>41030<br>25323 | 158/20-21, പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മാണം | 187853 | 0 |
| ജില്ലാ പഞ്ചായത്ത്, കോട്ടയം | 02.10.2020<br>12.01.2021 | 298000<br>87000 | 24/20-21, ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 385000 | 0 |
| ജില്ലാ പഞ്ചായത്ത്, കോട്ടയം | 01.01.2021<br>15.01.2021<br>27.01.2021 | 420000<br>400000<br>149627 | 53/20-21, ലൈഫ് മിഷൻ ഭവന നിർമ്മാണത്തിന് ധനസഹായം - എസ് സി | 969627 | 0 |
| ജില്ലാ പഞ്ചായത്ത്, കോട്ടയം | 09.02.2021 | 39750 | 64/20-21, ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് - എസ് സി | 39750 | 0 |
| | **ആകെ** | **1582230** | | **1582230** | **0** |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ/ ചെക്ക് നം. | മുൻകൂർ നൽകിയ | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള |
|---|---|---|---|---|---|

| | | | തുക | | തുക |
|---|---|---|---|---|---|
| കെ എസ് ഇ ബി | 06/20-21, വിവിധ വാർഡുകളിൽ സ്ട്രീറ്റ് മെയിൻ വലിക്കലും പോസ്റ്റ് സ്ഥാപിക്കലും | 60/20-21 29.03.2021 | 449226 | 0 | 449226 |
| | 150/20-21, വിവിധ വാർഡുകളിൽ സ്ട്രീറ്റ് മെയിൻ വലിക്കലും പോസ്റ്റ് സ്ഥാപിക്കലും (സ്പിൽ ഓവർ) | 04/20-21 06.05.2020 | 668669 | 1157264 | 0 |
| | | 29/20-21 10.11.2020 | 278661 | | |
| | | 25/20-21 10.11.2020 | 6519 | | |
| | | 14/20-21 04.09.2020 | 203415 | | |
| കേരള വാട്ടർ അതോറിറ്റി | 07/20-21, വിവിധ വാർഡുകളിൽ കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 54/20-21 25.03.2021 | 40800 | 0 | 40800 |
| **ആകെ** | | | **1647290** | **0** | **1647290** |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ്

സാമ്പത്തിക വർഷം മൊബിലൈസേഷൻ അഡ്വാൻസ് ഇനത്തിൽ തുകയൊന്നും നൽകിയിട്ടില്ല.

## 4-5 വായ്പ/വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | ആകെ വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷ വരവ് | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| കെ.യു.ആർ. ഡി.എഫ്.സി | ജി ഒ(എം.എസ്) | 5213486 | 4757603 | - | 512117 | - | 4245486 |

| | | | | | | |
|---|---|---|---|---|---|---|
| | 68/2018, 18.05.2018, ജി ഒ(എം.എസ്) 100/2018, 30.07.2018 | | | | | |

**4-6 സ്ഥിരനിക്ഷേപങ്ങൾ**

ഇല്ല.

**4-7 ഓഡിറ്റ് റിക്കവറി**

ഈയിനത്തിൽ തൻവർഷം തുക ലഭിച്ചിട്ടില്ല.

**4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം**

കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരം സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളില്ല.

**4-9 ചാർജ്/സർചാർജ് നടപടികളിലൂടെ തുക ഈടാക്കിയതിന്റെ വിവരം**

ചാർജ്/സർചാർജ് നടപടികളിലൂടെ തൻവർഷം തുക ഈടാക്കിയിട്ടില്ല.

**4-10 ഓഡിറ്റ് പ്രത്യവലോകനം**

**(എ) സംക്ഷിപ്ത വിവരം**

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ) | : | 81498974.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 61431624.00 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 1859202 |

(ചെലവിനങ്ങളിലുള്ള നഷ്ടം, വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബി യിലേയും സി യിലേയും തുകയാണ്.)

**(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

ഇല്ല.

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-20 | 50387 | ശ്രീമതി.ശ്രീലക്ഷ്മി യു എം, അസി.എഞ്ചിനീയർ |
| 1-22 | 35200 | ശ്രീ.ഹാരിസ് എം, കൃഷി ഓഫീസർ |
| 1-23 | 94600 | ശ്രീ.ഹാരിസ് എം, കൃഷി ഓഫീസർ |
| 1-24 | 160000 | ശ്രീ.ഹാരിസ് എം, കൃഷി ഓഫീസർ |
| | | |

| | | |
|---|---|---|
| 1-25 | 210000 | ഡോ.ശ്രീനാഥ് ഡി എസ്, വെറ്ററിനറി സർജൻ |
| 1-26 | 300000 | ഡോ.ശാലിനി ശിവദാസ്, മെഡിക്കൽ ഓഫീസർ (ഹോമിയോ) |
| 1-27 | 18989 | ഡോ.ജെസ്സി ജോയി സെബാസ്റ്റ്യൻ, മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) |
| 1-29 | 990026 | ശ്രീ.പ്രസാദ് കെ ആർ, സെക്രട്ടറി |
| ആകെ | 1859202 | |

**(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>**

ഇല്ല

**(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>**

ഇല്ല

**(ഇ)<u>റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ</u>**

ഇല്ല

## <u>4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ</u>

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നു പുറപ്പെടുവിച്ച എറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1998-99 | കെ.എസ്.എ-കെ.ടി.എം.പി4/ അദാ-2018/222(2)/18/08.02.2018 | 11 |
| 1999-2000, 2001-02(പ്ലാൻ) | കെ.എസ്.എ-കെ.ടി.എം.പി4/ അദാ-2018/222(3)/18/08.02.2018 | 3 |
| 2003-04 | കെ.എസ്.എ-കെ.ടി.എം.പി4/ അദാ-2018/222(4)/18/08.02.2018 | 2 |
| 2005-06 | കെ.എസ്.എ-കെ.ടി.എം.പി4/ അദാ-2018/222(6)/18/08.02.2018 | 8 |
| 2006-07 | കെ.എസ്.എ-കെ.ടി.എം.പി4/ അദാ-2018/222(4)/18/08.02.2018 | 3 |
| 2007-08 | കെ.എസ്.എ-കെ.ടി.എം.പി4/ അദാ-2018/222(7)/18/08.02.2018 | 4 |
| 2009-10, 2010-11 | കെ.എസ്.എ-കെ.ടി.എം.പി4/ അദാ-2018/222(9)/18/08.02.2018 | |
| 2011-12 | കെ.എസ്.എ-കെ.ടി.എം.പി4/ അദാ-2018/222(10)/18/08.02.2018 | 9 |
| 2012-13 | കെ.എസ്.എ-കെ.ടി.എം.പി4/290/15/25.1.16 | 15 |
| 2013-14, 2014-15 | കെ.എസ്.എ-കെ.ടി.എം.പി.4/699/16/5.9.2016 | 8 |
| 2015-16 | കെ.എസ്.എ-കെ.ടി.എം.പി.4/483/17/23.5.17 | 12 |
| 2016-17 | കെ.എസ്.എ-കെ.ടി.എം.പി.4/1832/17/06.01.2017 | 21 |
| 2017-18 | കെ.എസ്.എ-കെ.ടി.എം.പി.4/1166/19/17.10.19 | 22 |
| 2018-19 | കെ.എസ്.എ-കെ.ടി.എം.പി.4/1166/19/17.10.19 | 29 |

അവശേഷിക്കുന്ന ഖണ്ഡികകൾക്ക് വ്യക്തമായ മറുപടി അനുബന്ധരേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഉൾപ്പടെ ഹാജരാക്കി ഖണ്ഡിക തീർപ്പാക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

**ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.)**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,**
**ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം**

**അനുബന്ധം-1**

**ഓഡിറ്റ് സാക്ഷ്യപത്രം**

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കോട്ടയം ജില്ലയിലെ ഉഴവൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോട്ടയം ജില്ലയിലെ ഉഴവൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്